# ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം

വഞ്ചിയൂർ.പി.ഒ, തിരുവനന്തപുരം. പിൻ. 695035
ഫോൺ: 0471-2302490 ഫാക്സ്: 0471-2303025/2303080
ഇ-മെയിൽ: dhskerala@gmail.com
വെബ്സൈറ്റ്: www.dhs.kerala.gov.in


ഇ എസ് 2/82110/2012/ആവഡ

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി.11/12/2015

## നോട്ടീസ്

വിഷയം:- ആവഡ- ഡ്രൈവർമാരുടെ സീനിയോരിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി ശ്രീ.പി.മണികണ്ഠൻ സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച്.

സൂചന:

1. പാലക്കാട് ഡി.എം.ഒ യുടെ 11/11/2015 ലെ എ4/14845/2015 എന്ന നമ്പർ കത്ത്.
2. Advice No.IDB(3)2802/90 Dt.09/10/1998 from KPSC Idukky
3. ഉത്തരവ് നമ്പർ എ2/100/1999/ഡി.എം.ഒ. പാലക്കാട്, തീയതി. 25/06/1999
4. ഉത്തരവ് നമ്പർ എച്ച്.ടി 7/119218/1995/ആവഡ തീയതി.28/11/2000

ഡ്രൈവർമാരുടെ സീനിയോരിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി പാലക്കാട്, അട്ടപ്പാടിയിലെ ഒന്നാം നമ്പർ മൊബൈൽ മെഡിക്കൽ യൂണിറ്റിലെ രണ്ടാം ഗ്രേഡ് ഡ്രൈവർ ശ്രീ.പി.മണികണ്ഠൻ സമർപ്പിച്ച അപേക്ഷ സൂചന 1 പ്രകാരം അയച്ചു തന്നിരിക്കുന്നു.

ശ്രീ.പി.മണികണ്ഠൻ സൂചന 2 പ്രകാരമുള്ള ഇടുക്കി പി.എസ്.സി യുടെ ശുപാർശ പ്രകാരം 03/11/1998 ന് രണ്ടാം ഡ്രൈവറായി ഇടുക്കി ജില്ലയിൽ ജോലിയിൽ പ്രവേശിച്ചു. സൂചന 3 പ്രകാരം പാലക്കാട് ജില്ലയിലേയ്ക്ക് അന്തർജില്ല സ്ഥലംമാറ്റം നേടുകയും 03/07/1999 ന് ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. 03/11/1998 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം സർവീസ് അംഗീകരിക്കുകയും 03/11/2000 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം പരിശീലനകാലം പൂർത്തിയാക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ സൂചന 4 പ്രകാരമുള്ള ഡ്രൈവർമാരുടെ 22/11/1961 മുതൽ 31/08/2000 വരെയുള്ള കാലയളവിലെ

സീനിയോരിറ്റി പട്ടികയിൽ 788 (എ) ആയി ഉൾപ്പെടുത്തുന്നതിന് തൽകാലികമായി തീരുമാനിച്ചിരിക്കുന്നു. വിശദവിവരം താഴെകൊടുക്കുന്നു.

| നമ്പർ | പേര് | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | നിലവിലെ റാങ്ക് നമ്പർ | പുതുതായി അനുവദിച്ച റാങ്ക് നമ്പർ | സീനിയോരിറ്റിക്ക് കണക്കാക്കിയ തീയതി |
|---|---|---|---|---|---|---|
| 1 | സുശീൽകുമാർ.പി | 23/03/1969 | 26/07/1999 | 788 | 788 | 24/06/1999 |
| 2 | പി.മണികണ്ഠൻ | 22/04/1964 | 03/07/1999 | ഇല്ല | 788(A) | 03/07/1999 |
| 3 | രാമകൃഷ്ണൻ.കെ.എം | 03/03/1960 | 16/10/1999 | 789 | 789 | 06/09/1999 |

പ്രസ്തുത തീരുമാനത്തിനെതിരെ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അവ ടി നോട്ടീസ് പ്രസിദ്ധീകരിച്ച തീയതി മുതൽ പതിനഞ്ച് ദിവസത്തിനകം നേരിട്ടോ തപാൽമാർഗ്ഗമോ ബന്ധപ്പെട്ട അധികാരികൾ മുഖേന ഈ ആഫീസിൽ എത്തിക്കേണ്ടതാണ്.

ഒപ്പ്
പി.വി.മനോജ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

സ്വീകർത്താക്കൾ.

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.
2. ബന്ധപ്പെട്ട എല്ലാ സ്ഥാപന മേലധികാരികൾക്കും.
3. ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
4. എച്ച്.ടി. സെക്ഷൻ.
5. ഫയൽ/ കരുതൽ ഫയൽ